
◆ അഭിമുഖം

പ്രഫ. കെ.എ സിദ്ദീഖ് ഹസൻ
/സ്വദ്റുദ്ദീൻ വാഴക്കാട്



# പുതിയ കാലം പുതിയ ദൗത്യം

**വർത്തമാനകാല ഇന്ത്യൻ സമൂഹത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ മുൻഗണനകൾ എന്താണ്?**

അറുപതു വർഷമായി ജമാഅത്തെ ഇസ്‌ലാമി ഇന്ത്യയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മുഖ്യമായും രണ്ട് ദൗത്യങ്ങളാണ് ഈ കാലയളവിൽ പ്രസ്ഥാനം നിർവഹിച്ചത്: ഇസ്‌ലാമിനെ മൗലിക സ്വഭാവത്തിൽ ആദിമവിശുദ്ധിയോടെ പൊതുസമൂഹത്തിലും മുസ്‌ലിം ഉമ്മത്തിലും അവതരിപ്പിച്ചുവെന്നതാണ് ഒന്നാമത്തേത്. കേവല മതമെന്ന ധാരണ മാറ്റി ജീവിതവ്യവസ്ഥയെന്ന ഇസ്‌ലാമിന്റെ യാഥാർഥ്യം സമൂഹത്തിനു മുമ്പിൽ ഉയർത്തിപ്പിടിച്ചത് ഇസ്‌ലാമിക പ്രസ്ഥാനമാണ്. ഇതൊരു വലിയ വിപ്ലവം തന്നെയായിരുന്നു. മുസ്‌ലിം സമൂഹത്തിന് തങ്ങളുടെ സ്വത്വത്തെക്കുറിച്ച ശരിയായ തിരിച്ചറിവ് നൽകുകയെന്നതായിരുന്നു രണ്ടാമത്തേത്. ഇന്ത്യൻ മുസ്‌ലിംകളെ യഥാർഥ ദൗത്യത്തെക്കുറിച്ച് ഓർമിപ്പിക്കുകയും, അത് നിർവഹിക്കുന്നതിന് അവരെ പ്രാപ്തമാക്കാൻ ശ്രമിക്കുകയുമാണ് ജമാഅത്ത് ചെയ്തത്. ഇന്ത്യൻ മുസ്‌ലിംകളുടെ നിലനിൽപും സുരക്ഷിതത്വവും ഭീഷണി നേരിട്ട സന്ദർഭങ്ങളിൽ അതിനെക്കുറിച്ച് പ്രസ്ഥാനം ഗൗരവപൂർവം ചിന്തിക്കുകയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്തുകൊണ്ട് സമൂഹത്തിന് ദിശ കാണിക്കുകയായിരുന്നു ഇസ്‌ലാമിക പ്രസ്ഥാനം.

പുതിയ ഇന്ത്യൻ സാഹചര്യത്തിൽ, കുറേകൂടി കൃത്യമായ അജണ്ടകളാണ് പ്രസ്ഥാനത്തിനു മുമ്പിലുള്ളത്. മുഴുവൻ മനുഷ്യരുടെയും ജീവിതപ്രശ്നങ്ങൾ ഗൗരവപൂർവം പരിഗണിക്കുന്നതിലും പരിഹാരം കാണുന്നതിലും പ്രസ്ഥാനം ശ്രദ്ധ പതിപ്പിക്കും. നീതി, മനുഷ്യാവകാശങ്ങൾ, പൗരാവകാശങ്ങൾ തുടങ്ങിയവ സംരക്ഷിക്കപ്പെടുന്ന, ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ മൂല്യങ്ങൾ പരിരക്ഷിക്കപ്പെടുന്ന ഒരവസ്ഥ രാജ്യത്തുണ്ടാകണം. ഇത്തരം വിഷയങ്ങളിൽ പ്രസ്ഥാനം ഇടപെടും. സാമ്രാജ്യത്വത്തിന്റെ പുതിയ രീതിയിലുള്ള കടന്നുകയറ്റത്തിനും ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് പൗരജനങ്ങൾക്ക് നേരെയുണ്ടാകുന്ന അടിച്ചമർത്തലിനും നീതിനിഷേധത്തിനുമെതിരെ രംഗത്തുവരാൻ ജമാഅത്ത് ബാധ്യസ്ഥമാണ്. അതേസമയം ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങൾ ഇപ്പോഴും വലിയ തോതിലുള്ള അരക്ഷിതത്വം ഇവിടെ അനുഭവിക്കുന്നുണ്ട്. തീവ്രവാദാരോപണത്തിന്റെയും ഭീകരതാവിരുദ്ധതയുടെയും മറവിലുള്ള വേട്ടയാടലുകളുടെയും സാഹചര്യത്തിൽ ഇരകളുടെ പക്ഷത്ത് നിലകൊള്ളാനും നിഷേധിക്കപ്പെടുന്ന പൗരാവകാശങ്ങൾ ഉറപ്പുവരുത്താനുമുള്ള ശ്രമങ്ങൾ ഗൗരവത്തോടെ പ്രസ്ഥാനം ഏറ്റെടുക്കും.

രാഷ്ട്രീയ പാർട്ടികളിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പല സംസ്ഥാനങ്ങളിലും 40-42 ശതമാനം ജനങ്ങളേ വോട്ടു ചെയ്യുന്നുള്ളൂവെന്ന് കഴിഞ്ഞ ചില തെരഞ്ഞെടുപ്പുകൾ സൂചിപ്പിക്കുന്നു. അതായത് 60 ശതമാനം വോട്ടു ചെയ്യാതെ മാറിനിൽക്കുകയാണ്. രാഷ്ട്രീയ പാർട്ടികളിലും ജനാധിപത്യത്തിൽതന്നെയും ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെടുകയാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഇന്ത്യയുടെ പല ഭാഗങ്ങളിലും നക്സലുകളുടെയും മറ്റു തീവ്രവാദ പ്രസ്ഥാനങ്ങളുടെയും വിഘടന സ്വഭാവമുള്ള പ്രാദേശിക വാദത്തിന്റെയും ശക്തമായ സാന്നിധ്യം കാണപ്പെടുന്നു. ജനാധിപത്യ സംവിധാനങ്ങളോടുള്ള അതൃപ്തിയിലേക്കും സായുധ കലാപത്തിലേക്കും ജനങ്ങൾ നീങ്ങുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ജനങ്ങൾക്ക് വിശ്വാസമർപ്പിക്കാവുന്ന, ഉത്തരവാദിത്വബോധമുള്ള ഒരു സംഘമായി രംഗത്തുവരികയെന്നത് വളരെ പ്രധാനമാണെന്ന് ജമാഅത്ത് മനസ്സിലാക്കുന്നു.

**പുതിയ സാഹചര്യത്തിൽ പ്രസ്ഥാനം സാമൂഹിക-രാഷ്ട്രീയ മുഖം സ്വീകരിക്കുകയാണോ?**

ജമാഅത്ത് എന്നും ഇസ്‌ലാമിക മുഖത്തോടെയാണ് നിലകൊള്ളുന്നതും പ്രവർത്തിക്കുന്നതും. സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് നയനിലപാടുകളിൽ മാറ്റം വരും. ഉദാഹരണമായി ഇന്ത്യാ വിഭജനത്തിന്റെ പശ്ചാത്തലത്തിൽ, ജമാഅത്ത് പ്രധാന പരിഗണന നൽകിയത് ഇന്ത്യൻ മുസ്‌ലിംകളുടെ സുരക്ഷിതത്വത്തിനും കലാപങ്ങൾക്കിരകളാകുന്നവരുടെ പുനരധിവാസത്തിനുമായിരുന്നു. എന്നാൽ ആ പ്രതിസന്ധിഘട്ടം കഴിഞ്ഞപ്പോൾ ഇസ്‌ലാമിക പ്രബോധനത്തിനാണ് ജമാഅത്ത് മുഖ്യ ശ്രദ്ധ നൽകിയത്.

ഇസ്‌ലാമിനെക്കുറിച്ച തെറ്റുധാരണകൾ ദൂരീകരിക്കാനും മുസ്‌ലിംകൾക്കും ഇതര മതവിഭാഗങ്ങൾക്കുമിടയിലുള്ള അകൽച്ച അവസാനിപ്പിക്കാനും പരസ്പര സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കാനും ഏറ്റവും നല്ല വഴി ഇസ്‌ലാമിക പ്രബോധനമാണ്. ഈ രാജ്യത്തെ മതങ്ങളെക്കുറിച്ച് പഠിക്കുകയും ഇസ്‌ലാമിക മൂല്യങ്ങൾ രാജ്യനിവാസികൾക്ക് പകർന്നു കൊടുക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. ഇതിനായിരുന്നു ജമാഅത്ത് പിന്നീട് ശ്രമിച്ചത്. എന്നാൽ പുതിയ സാഹചര്യത്തിൽ രാഷ്ട്രീയ-സാമൂഹിക പ്രശ്നങ്ങൾക്ക് കാര്യമായ പരിഗണന നൽകേണ്ടതുണ്ട്. രാജ്യത്തിന്റെയും ജനങ്ങളുടെയും നിലനിൽപും പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ജമാഅത്ത് ഇടപെടേണ്ടതുണ്ട്. പുതിയ അധിനിവേശങ്ങളെ, നീതിനിഷേധങ്ങളെ, ജീവിത പ്രശ്നങ്ങളെ കണ്ടില്ലെന്നു നടിക്കാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് കഴിയില്ല. പക്ഷേ, ഇത്തരം വിഷയങ്ങളിലെല്ലാം ഇസ്‌ലാമിക ഭൂമികയിൽ നിന്നുകൊണ്ടാണ് ജമാഅത്ത് ഇടപെടുക.

**പുതിയ പ്രവർത്തന കാലയളവിൽ ഊന്നൽ ഏതു മേഖലയിലായിരിക്കും?**

പുതുതായി തെരഞ്ഞെടുക്കപ്പെട്ട അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസർ ഉമരി, ഈ മീഖാത്തിലെ ജമാഅത്തെ ഇസ്‌ലാമിയുടെ ഊന്നൽ ഏതൊക്കെ മേഖലകളിലാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഇസ്‌ലാമിക പ്രബോധനമാണ് നമ്മുടെ മുഖ്യ ദൗത്യം. എന്നാൽ പ്രബോധനം എന്നത് ഇസ്‌ലാമിനെ പരിചയപ്പെടുത്തലിൽ പരിമിതമല്ല. ബഹുസ്വര സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും എല്ലാ വിഭാഗങ്ങളുമായും ഇടപഴകുകയും ചെയ്തുകൊണ്ട് ഒരുമിച്ചുള്ള ജീവിതത്തിലൂടെ ഇസ്‌ലാമിന്റെ സന്ദേശം അവരിലേക്ക് എത്തിക്കലാണത്. ഇത്തരമൊരു

പ്രബോധനരീതിക്ക് ഈ മീഖാത്തിൽ ജമാഅത്ത് പ്രധാന പരിഗണന നൽകും. അതോടൊപ്പം മാതൃകാ സമൂഹമായി ജനങ്ങൾക്കു മുമ്പിൽ ഉയർന്നു നിൽക്കാനാവശ്യമായ രീതിയിൽ പ്രവർത്തകരുടെ ശിക്ഷണത്തിനും ജമാഅത്ത് ഊന്നൽ നൽകും.

പുതിയ മീഖാത്തിൽ പ്രസ്ഥാനം രൂപപ്പെടുത്തിയ പോളിസി, ഇന്ത്യൻ സമൂഹത്തിലെ സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിലും അന്താരാഷ്ട്ര വിഷയങ്ങളിലും സജീവമായി ഇടപെടുമെന്ന് പ്രഖ്യാപിക്കുന്നുണ്ട്. ഈ തീരുമാനം ഇതുവരെയുള്ള നിലപാടുകളുടെ തുടർച്ചയാണ്.

**ചില രാഷ്ട്രീയ നീക്കങ്ങൾ കഴിഞ്ഞ മീഖാത്തിൽ ജമാഅത്ത് നടത്തുകയുണ്ടായി. ചില സംസ്ഥാനങ്ങളിൽ ന്യൂനപക്ഷ പിന്നാക്ക രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നതിനെ പിന്തുണച്ചും ധാരണകൾ ഉണ്ടാക്കിയുമാണിത് സാധിച്ചത്. അത് ഏറക്കുറെ വിജയകരമാണു താനും. ഇതിന്റെ തുടർച്ചയായി പുതിയ കാൽവെപ്പുകൾ ഈ മീഖാത്തിൽ ഉണ്ടാകുമോ?**

അങ്ങനെ പ്രത്യേകമായൊരു തീരുമാനം ജമാഅത്ത് കൈക്കൊണ്ടിട്ടില്ല. ഇതുവരെ സ്വീകരിച്ചുവന്ന രാഷ്ട്രീയ നിലപാടുകളിൽനിന്ന് ജമാഅത്ത് പിറകോട്ടു പോവുകയില്ല. അതിന്റെ തുടർച്ച തീർച്ചയായും പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ, രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്ന വിഷയത്തിൽ ജമാഅത്ത് തീരുമാനമെടുത്തിട്ടില്ല. രാഷ്ട്രീയത്തിൽ സ്വാധീനം ചെലുത്തുക, രാഷ്ട്രീയ വിഷയങ്ങളിൽ ഇടപെടുക, ന്യൂനപക്ഷ-പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് രാഷ്ട്രീയമായി ശ്രമിക്കുക തുടങ്ങിയ പ്രഖ്യാപിത നിലപാടുകൾ തുടരും. ഏതെങ്കിലുമൊരു സംസ്ഥാനത്ത് ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കാൻ തീരുമാനിച്ചിട്ടില്ല.

**ജനസേവന വകുപ്പിലെ ചുമതല വഹിച്ചുകൊണ്ട് പ്രധാനമായും നിർവഹിച്ചതെന്തൊക്കെയാണ്?**

ഇന്ത്യയിലെ കാലികാവസ്ഥകൾ മുമ്പിൽ വെച്ചുകൊണ്ട് ജമാഅത്തിന് നിർവഹിക്കാൻ സാധിക്കുന്ന ജനസേവന പ്രവർത്തനങ്ങളെക്കുറിച്ച ഒരു നയം രൂപീകരിക്കുകയും ദീർഘകാലാധിഷ്ഠിതമായ ഒരു പദ്ധതിക്ക് രൂപം നൽകുകയുമാണ് ജനസേവന വകുപ്പ് പ്രധാനമായും ചെയ്തത്. ദാരിദ്ര്യം, നിരക്ഷരത, പിന്നാക്കാവസ്ഥ എന്നിവ പരിഹരിക്കാൻ സാധിക്കുന്നതും പത്തു വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുന്നതുമായ ഒരു പദ്ധതി തയാറാക്കുകയും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിവെക്കുകയും ചെയ്തിട്ടുണ്ട്. 'വിഷൻ 2016' എന്നാണതിന് പേരിട്ടിട്ടുള്ളത്.

**'വിഷൻ 2016' വിശദീകരിക്കാമോ?**

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സാമ്പത്തിക വളർച്ച, വ്യാപാര-വ്യവസായങ്ങളിലുള്ള അഭിവൃദ്ധി എന്നിവ ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസത്തിനാണ് മുൻഗണന. അടിസ്ഥാന മേഖലയുടെ വികാസത്തിനാണ് ആദ്യഘട്ടത്തിൽ ശ്രദ്ധ നൽകുന്നത്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നപ്പോൾ ദലിതരേക്കാൾ പിറകിലാണ് മുസ്‌ലിംകൾ എന്ന് വ്യക്തമാവുകയുണ്ടായി. ഇത് മുമ്പിൽ വെച്ചുകൊണ്ട്, മുസ്‌ലിംകൾക്കായി കോളേജുകളും യൂനിവേഴ്സിറ്റികളും സ്ഥാപിക്കണമെന്ന് പലരും ഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. ജമാഅത്ത് മനസ്സിലാക്കുന്നത് ഇതൊന്നുമല്ല അടിസ്ഥാന പ്രശ്നം എന്നാണ്. പ്രൈമറി-സെക്കന്ററി സ്കൂളുകൾ സ്ഥാപിച്ച് അടിസ്ഥാന വിദ്യാഭ്യാസത്തിന് വിപുലമായ സംവിധാനമുണ്ടാക്കലാണ് പ്രധാനം. സാധാരണക്കാരന് പഠിക്കാൻ പ്രാഥമിക വിദ്യാലയങ്ങൾ വ്യാപകമായി ആരംഭിക്കണം. ഐ.ഐ.എമ്മിലും ഐ.ഐ.ടിയിലുമൊക്കെ റിസർവേഷൻ നൽകുന്നതിനെക്കുറിച്ചാണ് ഗവൺമെന്റും മറ്റുള്ളവരും ചർച്ചചെയ്യുന്നത്. ഇതുകൊണ്ട് മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് പ്രയോജനം ലഭിക്കുകയില്ല. വലിയ എഞ്ചിനീയറിംഗ്-മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനല്ല, ചെറിയ ടെക്നിക്കൽ സ്ഥാപനങ്ങൾ വ്യാപകമായി ആരംഭിക്കുന്നതിനാണ് 'വിഷൻ 2016' ഊന്നൽ നൽകുന്നത്. വലിയ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ സ്ഥാപിക്കുകയല്ല, ചെറിയ ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂനിറ്റുകൾ തുടങ്ങിയവയാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്. ഇത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ഗ്രാമീണ ജനങ്ങൾക്കും കൂടുതൽ പ്രയോജനം ചെയ്യും. മൈക്രോ ഫിനാൻസിംഗ് പദ്ധതികളെക്കുറിച്ചും ആലോചിക്കുന്നുണ്ട്. പിന്നാക്ക ജനതക്കു വേണ്ടിയുള്ള ഗവൺമെന്റിന്റെ പല പദ്ധതികളുമുണ്ട്. പക്ഷേ, അവയെക്കുറിച്ച് അറിവില്ലാത്തതിനാൽ പ്രയോജനപ്പെടാതെ പോവുകയാണ്. എൻ.ജി.ഒകളും മറ്റും രൂപീകരിച്ച് അവ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്.

**പദ്ധതി പൂർത്തീകരിക്കുന്നതിന് സാമ്പത്തികമോ മറ്റോ ആയ പ്രയാസങ്ങളെന്തെങ്കിലും?**

പറയത്തക്ക പ്രയാസങ്ങൾ സാമ്പത്തിക വിഷയത്തിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല. ഗവൺമെന്റിന്റെയും അതിലുപരി സ്വദേശത്തും വിദേശത്തുമുള്ള അഭ്യുദയകാംക്ഷികളുടെയും ഉദാരമനസ്കരുടെയും സഹായങ്ങൾ ഇത്തരം പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതാണ്. സകാത്ത്-വഖ്ഫ് സ്വത്തുക്കളും ഇതിന് പ്രയോജനപ്പെടുത്താവുന്നതാണ്. ഒരു ഭാഗത്ത് ദാരിദ്ര്യം ഉള്ളതോടൊപ്പം തന്നെ കഷ്ടപ്പെടുന്നവരെ സഹായിക്കാൻ മനസ്സുള്ള ഒരു വലിയ വിഭാഗം മുസ്‌ലിം സമൂഹത്തിലുണ്ട്.

അതേസമയം പദ്ധതി നടപ്പിലാക്കുന്നതിനുള്ള മനുഷ്യവിഭവ ലഭ്യത വലിയൊരു പ്രശ്നമാണ്. യോഗ്യരായ ആളുകളെ വളർത്തിക്കൊണ്ടുവരാനാണ് ആദ്യഘട്ടത്തിൽ ശ്രമിക്കുന്നത്. സ്കോളർഷിപ്പുകൾ നൽകിയും കോച്ചിംഗ് കൊടുത്തും കഴിവുള്ളവരെ വളർത്തിക്കൊണ്ടുവരണം. കേരളത്തിലെയും ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെയും ആളുകൾ ഉത്തരേന്ത്യൻ ജനതക്ക് വേണ്ടി പ്രവർത്തിക്കാൻ സന്നദ്ധരായാൽ ഏറെ ഗുണകരമാകും. നമ്മുടേതിൽനിന്ന് വ്യത്യസ്തമായ ജീവിതസാഹചര്യമാണ് ഉത്തരേന്ത്യയിലേത്. നാം നേതൃത്വം കൊടുത്തുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണെങ്കിൽ അവരിലത് വലിയ ആത്മവിശ്വാസം വളർത്താൻ സഹായകമാകും. അവർ സ്വയം മുന്നോട്ടുവന്ന് പ്രവർത്തിച്ച് പുരോഗതി നേടുകയെന്നത് കുറേകാലമെടുക്കുന്നതായിരിക്കും. എന്നാൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കഴിവുള്ളവർ ഉത്തരേന്ത്യയിൽ പോയി പ്രവർത്തിക്കാൻ സന്നദ്ധരാണെങ്കിൽ പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കാനും ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ ആത്മവിശ്വാസം വർധിക്കാനും കാരണമാകും. ധാരാളമാളുകൾ ഇതിനകം തന്നെ സന്നദ്ധരായി മുന്നോട്ടുവന്നിട്ടുണ്ട്.

**ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ പുരോഗതിക്കുള്ള പ്രധാന തടസ്സമെന്താണ്?**

അവബോധമില്ലായ്മയാണ് ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ പ്രധാന പ്രശ്നം. ജീവിതത്തെ സംബന്ധിച്ച വലിയ കാഴ്ചപ്പാടുകളൊന്നും അവരിൽ മഹൂഭൂരിപക്ഷത്തിനുമില്ല. ഉയർന്ന ജീവിതലക്ഷ്യം, അത് സാക്ഷാത്കരിക്കാനുള്ള കഠിനാധ്വാനം, അതിനുള്ള ഏകാഗ്രമായ ശ്രദ്ധ, വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്താനുള്ള ഔത്സുക്യം, അതിനുള്ള അറിവ് തുടങ്ങിയവയൊന്നും അവർക്കില്ല. അതുകൊണ്ട് ജീവിതത്തെക്കുറിച്ച ശരിയായ അവബോധം ഉണ്ടാക്കുകയാണ് ചെയ്യേണ്ടത്. അതോടൊപ്പം പുതിയ തലമുറക്ക് വിദ്യാഭ്യാസം നൽകി വളർത്തിയെടുക്കുകയും വേണം. ഈ രണ്ട് ദൗത്യങ്ങളാണ്

ജമാഅത്ത് പ്രധാനമായും നിർവഹിക്കുന്നത്.

**ജനസേവനരംഗത്ത് പ്രവർത്തിച്ചപ്പോഴുണ്ടായ അനുഭവങ്ങൾ?**

ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ അവസ്ഥ ഏറെ പരിതാപകരമാണ്. നമ്മെ അപേക്ഷിച്ച് ഉത്തരേന്ത്യൻ മുസ്‌ലിംകൾ 50 വർഷം പിന്നിലാണ്. കേരളത്തിലെ മുസ്‌ലിം വനിതകളുടെ സാക്ഷരത 95 ശതമാനമാണ്. ഹരിയാനയിൽ 15 ശതമാനവും ബിഹാറിലും യു.പിയിലും 30–35 ശതമാനം വരെയുമാണ് അത്. അതായത് അവർ 60 ശതമാനം പിന്നിലാണുള്ളത്. ആരോഗ്യരക്ഷയുടെയും സാമ്പത്തിക വളർച്ചയുടെയും കാര്യത്തിലും ഇതുതന്നെയാണവസ്ഥ. യു.പി, ബിഹാർ, ബംഗാൾ, ആസാം തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം ദാരിദ്ര്യവും നിരക്ഷരതയും ആരോഗ്യ പ്രശ്നങ്ങളും ഗുരുതരമാണ്. അതുകൊണ്ട് അവർക്കുവേണ്ടി നിർമാണാത്മകമായ പ്രവർത്തനങ്ങൾ നടത്തുകയെന്നത് വളരെയേറെ പ്രാധാന്യമുള്ളതാണ്. ഏതൊരു സാമൂഹിക പ്രവർത്തകനും നിർവഹിക്കേണ്ടതാണത്. ജമാഅത്ത് ഇതിന് മുഖ്യ ശ്രദ്ധ നൽകാൻ തീരുമാനിച്ചിരിക്കുന്നു.

**പ്രബോധനരംഗത്ത് പ്രധാന തടസ്സം സാമുദായിക ധ്രുവീകരണമാണല്ലോ? കേരളമൊഴികെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഉത്തരേന്ത്യയിലും മുസ്‌ലിംകളും അമുസ്‌ലിംകളും ഇടപഴകി ജീവിക്കുന്നതിലേറെ രണ്ടു വ്യത്യസ്ത ധാരകളായാണ് ജീവിക്കുന്നതെന്നു തോന്നുന്നു.**

ശരിയാണ്. പ്രബോധനരംഗത്തെ വലിയൊരു തടസ്സവുമിതാണ്. ജമാഅത്ത് ഏറ്റവുമധികം ശ്രദ്ധിക്കുന്നത് ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ള അകൽച്ച കുറക്കാനും പരസ്പര സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കാനുമാണ്. വിവിധ മതവിഭാഗങ്ങളുടെ നേതൃത്വങ്ങളുമായി ബന്ധപ്പെടുകയും അവരുടെ കൂട്ടായ്മകൾ രൂപപ്പെടുത്തുകയും ചെയ്യാൻ ജമാഅത്ത് ശ്രമിക്കുന്നു. പ്രാദേശിക തലങ്ങളിലും ഇത്തരം കൂട്ടായ്മകൾ വളർത്തിയെടുക്കാൻ ബോധപൂർവമായ ശ്രമം നടത്തണം. സാമൂഹിക പ്രശ്നങ്ങളിൽ പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്യണം. ആതുരശുശ്രൂഷ, വിദ്യാഭ്യാസം, ജനസേവനം തുടങ്ങിയ വിഷയങ്ങളിൽ സാമുദായിക വിഭാഗീയതകളില്ലാതെ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കണം. മതവിഭാഗീയതയുടെ വേലിക്കെട്ടുകൾ തകർത്ത് ജനങ്ങളിലേക്ക് അത് ഒഴുകിപ്പരക്കണം. ഏറെക്കാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർഗീയ കലാപങ്ങളുടെ ബാക്കിപത്രമായ മനസ്സ്, ഏതൊക്കെയോ രീതിയിൽ ധ്രുവീകരിക്കപ്പെട്ട ജീവിതസാഹചര്യങ്ങൾ, ഭാഷ തുടങ്ങിയ പല ഘടകങ്ങളും ഇതിന് തടസ്സമായി നിൽക്കുന്നു.

**'മിലിറ്റൻസിയിലധിഷ്ഠിതമായ സംഘ്പരിവാർ ഫാഷിസത്തെ ആശയസംവാദം കൊണ്ട് പരാജയപ്പെടുത്താനാകില്ല, സായുധ പ്രതിരോധമാണതിന്റെ വഴി' എന്ന വാദത്തെക്കുറിച്ച്?**

സംഘ്പരിവാർ ഫാഷിസത്തെ ആയുധം കൊണ്ട് നേരിടുകയെന്നത് പരാജയപ്പെട്ട വാദമാണ്. ജനാധിപത്യ സംവിധാനങ്ങളിലൂടെ മാത്രമേ ഫാഷിസത്തെ പ്രതിരോധിക്കാനാകൂവെന്ന് അനുഭവങ്ങൾ തെളിയിച്ചുകഴിഞ്ഞു. ഫാഷിസ്റ്റ് ശക്തികളെ അധികാരത്തിൽനിന്ന് പുറത്താക്കിയത് മിലിറ്റൻസിയിലൂടെയായിരുന്നില്ല, ജനാധിപത്യ ശക്തികളുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെയായിരുന്നു. ഇത് വലിയ പാഠമാണ്. സായുധ പ്രതിരോധം ഗുണത്തേക്കാൾ ദോഷമേ വരുത്തുകയുള്ളൂ എന്നാണ് നിരവധി രാജ്യങ്ങളിലെ അനുഭവങ്ങൾ തെളിയിക്കുന്നത്. നമ്മുടെ രാജ്യം ജനാധിപത്യ ക്രമത്തിലധിഷ്ഠിതമാണ്. അതുകൊണ്ട് ഫാഷിസ്റ്റ്‌വിരുദ്ധരായ മുഴുവൻ മനുഷ്യരെയും ഒരുമിച്ചണിനിരത്തിക്കൊണ്ടാണ് ഫാഷിസത്തെ പ്രതിരോധിക്കേണ്ടത്. അറിവില്ലാത്ത യുവാക്കളെ വികാരങ്ങളിളക്കിവിട്ട് തെരുവിലിറക്കുകവഴി ചിലർ ഫാഷിസ്റ്റ് അജണ്ട നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ഹിന്ദു-മുസ്‌ലിം സംഘർഷമാണ് ഫാഷിസ്റ്റുകൾ ആഗ്രഹിക്കുന്നത്. സമാധാനവും സൗഹാർദവും ഫാഷിസ്റ്റുകൾക്ക് ഭീഷണിയാണ്, രാജ്യത്തിനും മുസ്‌ലിംകൾക്കും അനുഗുണവും.

ഇവിടെ പട്ടാളവും പോലീസും ഭരണകൂടവുമെല്ലാം ഭൂരിപക്ഷ സമൂഹത്തിലെ അംഗങ്ങൾ കൂടുതലുള്ളതാണ്. അവരെല്ലാം ഫാഷിസ്റ്റ് മനഃസ്ഥിതിയിലേക്ക് മാറിയാൽ വലിയ അപകടമാണ് സംഭവിക്കുക. കഴിഞ്ഞ ചില വർഗീയ കലാപങ്ങളുടെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. പോലീസും പട്ടാളവും ജാഗ്രതയോടെ നിലകൊണ്ട സ്ഥലങ്ങളിൽ വർഗീയ ശക്തികൾക്ക് വിജയിക്കാനായിട്ടില്ല. പോലീസും പട്ടാളവും പക്ഷം ചേരുകയോ മൗനികളാവുകയോ ചെയ്ത സ്ഥലങ്ങളിലാണവർ വിജയിച്ചത്. അതുകൊണ്ട് നിയമപാലകരെയും ഉദ്യോഗസ്ഥരെയും ഭൂരിപക്ഷ സമൂഹത്തെയും വർഗീയ ചിന്താഗതിയിലേക്ക് തള്ളിവിടാൻ നമ്മുടെ പ്രവർത്തനങ്ങൾ കാരണമാകാതെ സൂക്ഷിക്കുകയാണ് കരണീയം. നമ്മുടെ ഏതു സമീപനവും ദീർഘവീക്ഷണത്തോടെയായിരിക്കണം.

**ഉന്നത വിദ്യാഭ്യാസരംഗത്ത് മുസ്‌ലിംകൾ ഇപ്പോഴും പിന്നാക്കമാണ്. ഉയർന്ന സ്ഥാനങ്ങളിൽ നിയമിക്കപ്പെടാൻ യോഗ്യതയുള്ളവരുടെയും നമ്മുടെതന്നെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ കഴിവുള്ളവരുടെയും ദൗർലഭ്യത അനുഭവപ്പെടുന്നു. ഇതെങ്ങനെ പരിഹരിക്കാം?**

ആസൂത്രണത്തിന്റെ കുറവാണ് ഈ പ്രതിസന്ധിക്ക് കാരണം. 'നാം വിദ്യാഭ്യാസരംഗത്ത് പിന്നാക്കമാണ്. അതുകൊണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങണം' എന്നു പറഞ്ഞ് നിരവധി സ്ഥാപനങ്ങൾ നാം ആരംഭിച്ചു. എന്നാൽ അവ ഫലപ്രദമായി നടത്താൻ യോഗ്യരായ അധ്യാപകരുണ്ടോ പ്രിൻസിപ്പൽമാരുണ്ടോ എന്നൊന്നും നാം ചിന്തിച്ചില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ തീരുമാനിക്കുന്ന സന്ദർഭത്തിൽതന്നെ അവ നടത്താൻ യോഗ്യരായവരെ തയാറാക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടിയിരുന്നു. ഇന്നത്തെ രീതിയിൽ നാം മുന്നോട്ടു പോയാൽ എത്ര കാലം കഴിഞ്ഞാലും നമുക്ക് യോഗ്യരായ ആളുകളെ കിട്ടിയെന്നു വരില്ല. മാനേജ്മെന്റ് നൈപുണ്യമുള്ളവർ, അധ്യാപകർ, പത്രപ്രവർത്തനരംഗത്ത് വൈദഗ്ധ്യമുള്ളവർ തുടങ്ങിയവരെയെല്ലാം വളർത്തിക്കൊണ്ടുവരാൻ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം. ഡോക്ടർമാരും എഞ്ചിനീയർമാരുമാകാൻ ഇന്ന് പലരും മത്സരിക്കുന്നുണ്ട്. എന്നാൽ മികച്ച ശാസ്ത്രജ്ഞർ, ചരിത്രകാരന്മാർ, ഭരണരംഗത്ത് കഴിവുള്ള ഉദ്യോഗസ്ഥർ, ഐ.എ.എസ്സുകാർ, ഐ.പി.എസ്സുകാർ തുടങ്ങിയവരൊന്നും വേണ്ടവിധം നമ്മിൽനിന്നുണ്ടാകുന്നില്ല. വികാരത്തിനപ്പുറം ക്രിയാത്മകമായ സമീപനം ഈ വിഷയത്തിലില്ല എന്നതാണതിനു കാരണം. ആഗ്രഹത്തിനപ്പുറം ആസൂത്രണത്തിന്റെ തലത്തിലേക്കും കർമ പദ്ധതികളിലേക്കും നാം വളരേണ്ടതുണ്ട്. മറ്റു പല സമുദായങ്ങളും ഇത്തരം വിഷയങ്ങളിൽ ശ്രദ്ധ പുലർത്തിയതിനാൽ അവർക്ക് മുന്നേറാനായി. ഇനിയെങ്കിലും നമ്മൾ ഈ വിഷയം ഗൗരവത്തോടെ കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് വേണ്ടത്.

**കേരളത്തിലെ മുസ്‌ലിം സംഘടനകൾക്കിടയിലുള്ള ഭിന്നതയുടെയും ശത്രുതയുടെയും രീതി തന്നെയാണോ അഖിലേന്ത്യാ തലത്തിലുമുള്ളത്?**

കേരളത്തെ അപേക്ഷിച്ച് ഏറെ ഭേദമാണ് അഖിലേന്ത്യാ തലത്തിൽ മുസ്‌ലിം സംഘടനകൾക്കും പണ്ഡിതന്മാർക്കുമിടയിലുള്ള പരസ്പര ബന്ധം. ഇവിടെയുള്ളത്ര അകൽച്ച അവിടെയില്ല. അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും അടുത്ത ബന്ധം കാത്തുസൂക്ഷിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും അഖിലേന്ത്യാ തലത്തിൽ സാധിക്കുന്നുണ്ട്. കേരളത്തിലുള്ളത്ര

കടുത്ത വാശിയോ പകയോ ഉത്തരേന്ത്യയിലില്ല. അഖിലേന്ത്യാ മുസ്‌ലിം നേതാക്കളിൽനിന്ന് പലതും കേരളത്തിലെ സംഘടനകൾക്ക് പകർത്താവുന്നതായുണ്ട്.

**ഈ വിഷയത്തിൽ അനുഭവങ്ങളെന്തെങ്കിലും?**

പല അനുഭവങ്ങളുമുണ്ട്. എൻ.ഡി.എ ഭരണത്തിന്റെ അവസാനകാലത്ത് ജമാഅത്തെ ഇസ്‌ലാമിയുടെ അഖിലേന്ത്യാ അമീർ ഡോ. അബ്ദുൽ ഹഖ് അൻസാരി വിവിധ സംഘടനാ നേതാക്കളുടെ ഒരു യോഗം ജമാഅത്ത് ആസ്ഥാനത്ത് വിളിച്ചു ചേർത്തു. ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, അഹ്‌ലെ ഹദീസ് തുടങ്ങി നിരവധി സംഘടനകളുടെ നേതാക്കൾ അതിൽ പങ്കെടുത്തു. ജമാഅത്ത് അമീർ ക്ഷണിച്ചതനുസരിച്ച് ജമാഅത്ത് ആസ്ഥാനത്താണ് അവർ വന്നത്.

മുസ്‌ലിം പേഴ്‌സണൽ ലോ ബോർഡ് ഇതിന്റെ മറ്റൊരു ഉദാഹരണമാണ്. സുന്നികൾ, ശീഈകൾ, സലഫികൾ, തബ്‌ലീഗ് ജമാഅത്ത്, ബോറകൾ തുടങ്ങിയവരെല്ലാം അതിൽ യോജിച്ച് പ്രവർത്തിക്കുന്നു. അതിനുള്ള വിശാലത അവർക്കുണ്ട്. ഇതൊരു മികച്ച മാതൃകയാണ്. പൊതു ലക്ഷ്യത്തിൽ യോജിച്ചു നിൽക്കുന്ന വിശാല സമീപനമാണിത് സൂചിപ്പിക്കുന്നത്.

**കേരളത്തിൽ ഇതെങ്ങനെ ഫലപ്രദമായി പ്രയോഗവത്കരിക്കാനാകും?**

സംഘടനകൾക്ക് പരസ്പരം അടുക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. സൗഹൃദവേദി പോലുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, നേതാക്കന്മാർ പരസ്പര ബന്ധം ദൃഢമാക്കുക, സ്ഥാപനങ്ങൾ പരസ്പരം സന്ദർശിക്കുക തുടങ്ങിയവയെല്ലാം അതിനുള്ള മാർഗമാണ്. നമ്മൾ തന്നെയാണതിന് മുൻകൈയെടുക്കേണ്ടത്.

**അത്തരത്തിൽ നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്ന ശ്രമങ്ങൾ പോലും ദുർവ്യാഖ്യാനിക്കപ്പെടുകയോ പരിഹസിക്കപ്പെടുകയോ ആണ്. വിദേശത്തുനിന്ന് ചികിത്സ കഴിഞ്ഞ് വന്ന മുസ്‌ലിം ലീഗ് അധ്യക്ഷൻ ശിഹാബ് തങ്ങളെ ജമാഅത്ത് നേതാക്കൾ സന്ദർശിച്ചത് ഒരു പത്രം സംഘടനാ തൽപര്യത്തോടെയാണ് കൈകാര്യം ചെയ്തത്.**

'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൗതുകം' എന്ന് പറഞ്ഞപോലെ നാം എന്തു നല്ല കാര്യം ചെയ്താലും അതിനെ മോശമായി ചിത്രീകരിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന ചിലരുണ്ടാകും. അതിനു മുമ്പിൽ നാം അറച്ചുനിൽക്കരുത്.

**ജമാഅത്തെ ഇസ്‌ലാമിക്കെതിരെ പുതിയ രീതിയിലുള്ള ആസൂത്രിതമായ ആക്രമണങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. പഴയകാലത്തുള്ള എതിർപ്പിൽനിന്ന് വ്യത്യസ്തമാണിതെന്ന് തോന്നുന്നു.**

രണ്ട് കാരണങ്ങളാണ് പ്രധാനമായും ഇപ്പോഴത്തെ എതിർപ്പിനു പിന്നിലുള്ളത്: ഒന്ന്, ജമാഅത്തിന്റെ വളർച്ചയിലുള്ള അസൂയയും അതിന്റെ ഫലമായി സ്വന്തം നിലനിൽപ് അപകടത്തിലാകുമെന്ന ഭീതിയും. ഇതിൽ വിറളിപൂണ്ടാണ് ഒരു ഭാഗത്ത് എതിർപ്പ്. എന്നാൽ, അതിലേറെ ഗൗരവത്തോടെ ഞാൻ കാണുന്നത് സാമ്രാജ്യത്വശക്തികളുടെ ഗൂഢാലോചനയാണ്. അമേരിക്കൻ ഫണ്ടിംഗ് ഏജൻസികൾ 'മോഡറേറ്റ് ഇസ്‌ലാമി'നെ പ്രമോട്ട് ചെയ്യാനുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കോടാനുകോടി ഡോളർ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അവർ ചെലവഴിക്കുന്നുണ്ട്. 'പൊളിറ്റിക്കൽ ഇസ്‌ലാം' എന്ന് അവർ വിശേഷിപ്പിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ നശിപ്പിക്കാനും 'സാംസ്‌കാരിക ഇസ്‌ലാം' എന്ന് വിളിക്കുന്ന, ഒരുപക്ഷേ ഇസ്‌ലാമിൽനിന്ന് വ്യതിചലിച്ച വിഭാഗങ്ങളെ പ്രോത്സാഹിപ്പിക്കാനും വേണ്ടിയാണിത്. ആത്മീയ നേതാക്കൾ, പണ്ഡിതന്മാർ, സംഘടനകൾ തുടങ്ങിയവരെയെല്ലാം അതിനായി അവർ വിലക്കെടുക്കുന്നുണ്ട്. ഇതൊന്നും രഹസ്യമല്ല. നമ്മുടെ ഭരണകൂടങ്ങളും മൊസാദും സി.ഐ.എയും തമ്മിലെല്ലാം കരാറുകൾ ഉണ്ടാക്കിയിട്ടുണ്ട്. തീവ്രവാദത്തെ തകർക്കുകയെന്നതാണ് കരാറിന്റെ ഉള്ളടക്കം. ഇവർ ഉദ്ദേശിക്കുന്ന 'തീവ്രവാദം' എന്താണെന്ന് നമുക്ക് തിരിച്ചറിയാനാകും. അത് അവസാനം ചെന്നെത്തുന്നത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലാണ്. അമേരിക്ക ഇത് പരസ്യമായി പറഞ്ഞുകഴിഞ്ഞതാണ്. സി.ഐ.എയുടെ വെബ്‌സൈറ്റിൽ പറയുന്നത്, തീവ്രവാദ പ്രസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, അൽഖാഇദ മാത്രമല്ല, ഇഖ്‌വാനുൽ മുസ്‌ലിമൂനും കൂടിയാണെന്നാണ്.

സാമ്രാജ്യത്വശക്തികളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ആസൂത്രിത നീക്കങ്ങൾ ഈ രംഗത്തുണ്ട്. അറിഞ്ഞോ അറിയാതെയോ ആകാം പലരും അതിൽ അകപ്പെടുന്നത്.

ഇവിടത്തെ പരമ്പരാഗത മതസംഘടനകളുടെയും മറ്റും നിലനിൽപിന്റെ ഭാഗമായുള്ള എതിർപ്പിനപ്പുറം ഈയൊരു തലത്തിൽ കൂടി ഇപ്പോഴുള്ള എതിർപ്പുകളെ കാണാൻ കഴിയും.

ഏതെങ്കിലുമൊരു പുസ്തകത്തെയോ സംഘടനയെയോ ചില വ്യക്തികളെയോ പത്രങ്ങളെയോ ചാനലുകളെയോ പ്രത്യേകമായി നമുക്ക് ഈ വിഷയത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയില്ല. പക്ഷേ, ഇതൊന്നും യാദൃഛികമല്ല. പ്രസ്ഥാനത്തിന്റെ പുതിയ നയസമീപനങ്ങളും പ്രവർത്തനങ്ങളും പലരെയും അസ്വസ്ഥരാക്കുന്നുണ്ട്. ഇടതുപക്ഷത്തിന് പിന്തുണ നൽകി രാഷ്ട്രീയ രംഗത്ത് സജീവമായി ഇടപെട്ടതും സോളിഡാരിറ്റി സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളിൽ സക്രിയമായ ഇടപെടലുകൾ നടത്തുന്നതും അതിലവർ വിജയിക്കുന്നതും പലരുടെയും സമനില തെറ്റിക്കുന്നു. ജമാഅത്ത് ഒരു കേവല മതസംഘടനയായി ഒതുങ്ങിക്കഴിയും എന്ന് കരുതിയവർക്ക് ഇതൊരു വലിയ ഭീഷണിയാണ്, വിശേഷിച്ചും സാമ്രാജ്യത്വശക്തികൾക്ക്. ഇന്ത്യയിൽ സ്ഥാപിതതാൽപര്യങ്ങളുള്ള സാമ്രാജ്യത്വശക്തികൾക്കും ഇവിടത്തെ കുത്തകകൾക്കും നമ്മുടെ പല പ്രവർത്തനങ്ങളും ദീർഘകാലാടിസ്ഥാനത്തിൽ ഭീഷണിയാണ്. അവർ വെറുതെയിരിക്കുമെന്ന് നാം കരുതേണ്ടതില്ല. അത്തരക്കാരുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ ഇടപെടലുകൾ പുതിയ നീക്കങ്ങൾക്ക് പിന്നിലുണ്ടാകാം.

വിദേശ ഫണ്ടിംഗ് കേരളത്തിലെ ഇടതുപക്ഷവുമായി ബന്ധപ്പെട്ട വലിയ വിവാദ വിഷയമായിരുന്നു. അതിന്റെ വേരുകൾ ചെന്നെത്തുന്നത് സി.ഐ.എയിലാണ്. നിഗൂഢമായ കരങ്ങൾ സാമ്രാജ്യത്വശക്തികൾക്കു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തും അത് സജീവമാണ്. 1957-ലെ വിമോചനസമരത്തിന് സി.ഐ.എ പണം കൊടുത്തിരുന്നുവെന്ന് പിന്നീട് വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്. എല്ലാ കാലത്തും ഇതുണ്ടായിട്ടുണ്ട്. ഇപ്പോൾ ഇത് കുറേകൂടി സജീവമാണ്. ഇത് നാം ഗൗരവത്തോടെ കാണേണ്ടതും തിരിച്ചറിയേണ്ടതുമാണ്.

**ദൽഹിയിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ധാരാളം അവസരങ്ങളുണ്ടല്ലോ. അതേക്കുറിച്ച് എന്തെങ്കിലും നിർദേശങ്ങൾ?**

ദൽഹിയിലെയും പരിസരപ്രദേശങ്ങളിലെയും വിവിധ യൂനിവേഴ്‌സിറ്റികളിൽ ധാരാളം പഠനാവസരങ്ങളുണ്ട്. ദൽഹി യൂനിവേഴ്‌സിറ്റി, ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ, ജവഹർലാൽ നെഹ്‌റു യൂനിവേഴ്‌സിറ്റി, അലീഗഢ് മുസ്‌ലിം യൂനിവേഴ്‌സിറ്റി, ജാമിഅ ഹംദർദ് തുടങ്ങിയ സ്ഥാപനങ്ങളിലെ 90 ശതമാനം വിദ്യാർഥികളും മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ളവരാണ്. മലയാളികൾ അവിടെ ന്യൂനപക്ഷമാണ്. ആ മേഖലയിൽ നാം വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല.

ഉന്നത പഠനത്തിന് എല്ലാ ബ്രാഞ്ചുകളിലും നിരവധി സീറ്റുകൾ അവിടെയുണ്ട്. യൂനിവേഴ്‌സിറ്റികൾ വ്യത്യസ്തമായ ധാരാളം കോഴ്‌സുകൾ നടത്തുന്നുണ്ട്. നമുക്കത് കൂടുതൽ ഉപ

യോഗപ്പെടുത്താൻ സാധിക്കും. പക്ഷേ, ദൽഹിയിലെ ജീവിതം വളരെയേറെ സൂക്ഷ്മത ആവശ്യമുള്ളതാണ്. എളുപ്പത്തിൽ വഴി തെറ്റാനുള്ള സാഹചര്യവും, പഠിച്ച് ഉയരാനുള്ള അവസരവും അവിടെയുണ്ട്. കരുതലോടെ സമീപിക്കുകയാണെങ്കിൽ ഏറെ ഫലപ്രദമായിരിക്കും.

**കേരളത്തിലെ ഇസ്‌ലാമിക പ്രവർത്തകരോട് പ്രത്യേകമായെന്തെങ്കിലും?**

കേരളത്തിലെ ഇസ്‌ലാമിക പ്രസ്ഥാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല വളർച്ചയാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. ഇതൊരു വലിയ വെല്ലുവിളിയും ബാധ്യതയുമാണ്. പ്രസ്ഥാനത്തിന് ഒരുപാട് പരീക്ഷണങ്ങളെ നേരിടേണ്ടിവരും. പ്രവർത്തകരുടെ ഉത്തരവാദിത്വം വർധിക്കും. അതിനനുസരിച്ച് നാം ഉയരാൻ ശ്രമിക്കേണ്ടതാണ്. വൈജ്ഞാനികരംഗത്തും തർബിയത്തിലും, പ്രസ്ഥാന മാർഗത്തിലുള്ള ത്യാഗപരിശ്രമങ്ങളിലും കൂടുതൽ ശ്രദ്ധ ചെലുത്താൻ നമുക്ക് സാധിക്കണം. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വിജയനിദാനം നമ്മുടെ എല്ലാ ആസൂത്രണങ്ങൾക്കുമപ്പുറം അല്ലാഹുവിന്റെ സഹായമാണ്. ■